/80615/2024

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

നം : DFTVM/2128/2021-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:06-01-2024
ഇ-മെയിൽ :fisheriesdirector@gmail.com

**സർക്കുലർ നമ്പർ 01/2024**

**നവകേരളീയം കുടിശ്ശിക നിവാരണം -2023**

വിഷയം :- ഫിഷറീസ് - സഹകരണം - പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 - രണ്ടാം ഘട്ടം കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന :-

1. സഹകരണ സംഘം രജിസ്ട്രാറുടെ 38/2023, 43/2023, 44/2023 നമ്പർ സർക്കുലറുകൾ.
2. ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ 09.11.2023,05.12.2023 തീയതികളിലെ 05/2023, 06/2023 നമ്പർ സർക്കുലറുകൾ.

സംസ്ഥാനത്തെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങളായി മാറ്റുന്നതിനും, വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘങ്ങൾ 2023 നവംബർ 1 മുതൽ 2023 ഡിസംബർ 31 വരെ "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 - രണ്ടാം ഘട്ടം" നടത്തുന്നത് സംബന്ധിച്ച് പരാമർശം (2) സർക്കുലറുകൾ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സഹകാരികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്നും, പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കണമെന്നും വ്യാപകമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പരമാവധി സഹകാരികൾക്ക് ലഭ്യമാക്കുന്നതിനായി ടി പദ്ധതിയുടെ കാലാവധി 2024 ജനുവരി 1 മുതൽ 2024 ജനുവരി 31 വരെ ദീർഘിപ്പിച്ച് 05/2023 നമ്പർ സർക്കുലർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കുന്നതിന് ഇതിനാൽ അനുമതി നൽകുന്നു.

ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് യൂണിറ്റ് തലത്തിൽ യൂണിറ്റ് ഇൻസ്പെക്ടർമാർ അവലോകനം ചെയ്യേണ്ടതും ജില്ലാതലത്തിൽ പ്രൊഫോർമ 1 ൽ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർ

80615/2024

സാക്ഷ്യപ്പെടുത്തി കൃത്യമായ അനുബന്ധ രേഖകൾ ഉൾപ്പെടെ അർഹരായവരുടെ പട്ടിക സഹിതം ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

Signed by
Adeela Abdulla IAS
Date: 06-01-2024 11:39:52

ADEELA ABDULLA IAS
DIRECTOR OF FISHERIES
ഫിഷറീസ് ഡയറക്ടർ

പകർപ്പ് :-

1. മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ
2. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
3. ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർ
4. സ്റ്റോക്ക് ഫയൽ